# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2936 07.02.2018 ൽ മറുപടിക്ക്**

**കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ**

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) ഉണ്ട്. കെട്ടിടങ്ങളുടെ കോൺക്രീറ്റ് തൂണുകൾ, ബീമുകൾ, ഭിത്തികൾ, ഷേഡ് ഇവയിൽ നേരിയ പൊട്ടലുകൾ ഉണ്ട്. മുകൾ നിലയിലെ റൂഫ് സീലിംഗിന്റെ പ്ലാസ്റ്ററിംഗ്പലയിടത്തും അടർന്നു വീഴുന്നുണ്ട്. പെയിന്റിംഗ് നടത്തിയിട്ട് വളരെ വർഷങ്ങളായതു കൊണ്ട് എല്ലാ മെയിന്റനൻസ് പ്രവൃത്തികളും ആവശ്യമുണ്ട്. ജല സംഭരണി അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കാവുന്ന അവസ്ഥയിലല്ലാത്തതിനാൽ പുതിയ ജലസംഭരണി നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ പല സ്ഥലങ്ങളിലും ഫ്ലോറിംഗ് ഇളകിയിട്ടുമുണ്ട്. |
| (ബി) ഈ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള പദ്ധതികൾ ഏതെല്ലാമെന്നും ആയത് സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നും വിശദീകരിക്കുമോ;<br><br>(സി) കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി പൂർത്തീകരിച്ച് അപകടരഹിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ബി) & (സി) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ കെട്ടിടങ്ങളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 68.22 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ മറ്റു പുനരുദ്ധാരണ പ്രവൃത്തികൾക്കായി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. ടി പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ കെട്ടിടങ്ങൾ ശോചനീയാവസ്ഥ മാറി അപകടരഹിതമായിത്തീരുന്നതാണ്. |

സെക്ഷൻ ഓഫീസർ